STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.329/PR/SPMC/PHQ/2021 Date :29.07.2021

## അത്യപൂർവ്വ ശസ്ത്രക്രിയയിലൂടെ ശ്വാസം വീണ്ടെടുത്ത് അരസാൻ

കേരളാ പോലീസിന്റെ അഭിമാനമായ മൗണ്ടഡ് പോലീസിലെ മിടുക്കൻ കുതിര അരസാൻ ഇനി തടസങ്ങളില്ലാതെ ശ്വസിക്കും. മൂക്കിനകത്ത് ആഴത്തിൽ വളർന്ന മുഴ മൂലം കുറച്ചു നാളുകളായി ശ്വാസമെടുക്കാൻ ബുദ്ധിമുട്ടുകയായിരുന്നു അരസാൻ. സങ്കീർണ്ണവും അത്യപൂർവ്വവുമായ ശസ്ത്രക്രിയ നടത്തി 1.2 കിലോഗ്രാം തൂക്കമുള്ള വലുപ്പമേറിയ മുഴ നീക്കം ചെയ്ത് ശ്വാസതടസം മാറ്റി. മൗണ്ടഡ് പോലീസ് അസിസ്റ്റന്റ് ഡയറക്ടർ ഡോ.ലോറൻസിന്റെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ.

സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരം ശസ്ത്രക്രിയ നടത്തുന്നത്. ഒരു മണിക്കൂറിലേറെ നീണ്ട ശസ്ത്രക്രിയയിൽ അനസ്തേ്യഷ്യ നൽകുന്നതുൾപ്പെടെയുള്ള ഘട്ടങ്ങൾ അപകടം നിറഞ്ഞതായിരുന്നു.

പത്ത് വർഷം മുമ്പ് കേരളാ പോലീസിന്റെ ഭാഗമായ കുതിരയ്ക്ക് ശ്വസന സംബന്ധമായ പ്രശ്നങ്ങൾ വർധിച്ചതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് മൂക്കിനകത്തെ മാംസ വളർച്ച കണ്ടെത്തിയത്. തുടർന്ന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായയുടെ നിർദ്ദേശപ്രകാരം ചികിൽസക്കായി പ്രത്യേക മെഡിക്കൽ സംഘത്തെ നിയോഗിക്കുകയായിരുന്നു. ശസ്ത്രക്രിയക്ക് ശേഷം ഒരു മാസത്തെ പൂർണ്ണവിശ്രമത്തിലാണ് ഇപ്പോൾ അരസാൻ.

പൂക്കോട് വെറ്ററിനറി കോളേജിലെ ഡോ.സൂര്യദാസിന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധസംഘമാണ് അനസ്തേ്യഷ്യ നൽകിയത്. പൂക്കോട് വെറ്ററിനറി കോളേജിലെ ദിനേഷ്.പി.റ്റി, ജിനേഷ്കുമാർ.എൻ.എസ്, സീസ്മാ സുബ്രഹ്മണ്യം, സൗൽജയ്.ജെ.എസ്, ശ്രുതി ചന്ദ്രമോഹൻ, മൾട്ടിസ്പെഷ്യാലിറ്റി വെറ്റിനറി ഹോസ്പിറ്റലിലെ അനൂപ് രാജമണി, തിരുവനന്തപുരം സുവോളജിക്കൽ ഗാർഡനിലെ ജേക്കബ് അലക്സാണ്ടർ എന്നിവരായിരുന്നു സംഘത്തിലെ മറ്റ് ഡോക്ടർമാർ.

**ഫോട്ടോക്യാപ്ഷൻ** : അപൂർവ്വ ശസ്ത്രക്രിയയിലൂടെ സുഖംപ്രാപിച്ച കേരളാ മൗണ്ടഡ് പോലീസിലെ കുതിര അരസാൻ ഡോക്ടർമാരോടൊപ്പം.

*******************